# STD - VII

## അദ്ധ്യാപക സഹായി

## പാഠം – എഴ്   ഉപമകളിൽ വിരിയുന്ന ദൈവരാജ്യം   ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവരാജ്യം അതിഗഹനമായ ആശയം. പണ്ഡിതന്മാർക്കും സാധാരണക്കാർക്കും മനസ്സിലാക്കാവുന്ന തരത്തിൽ ഉപമകളിലൂടെ ഈശോ അവതരിപ്പിച്ചു. ഉപമകളിലൂടെ ദൈവരാജ്യം എന്ന സന്ദേശം അടുത്തറിയുവാൻ നമുക്ക് കഴിയും. യേശുവിന്റെ ഓരോ ഉപമകളിലൂടെയും ദൈവരാജ്യത്തെക്കുറിച്ച് കൂടുതൽ അറിയുവാനും, മാനസാന്തരത്തിലൂടെ പുതിയ ജീവനിലേക്ക് പ്രവേശിക്കുവാനും പരിശ്രമിക്കും.

### പഠനസഹായികൾ

* ഈസ്റ്റ്, പുളിമാവ്, വളരെ ചെറുതും, മുളച്ചുവലുതായാൽ വലിയ മരമാകുന്ന വിത്തുകൾ
* വി. ഫ്രാൻസീസ് സേവ്യറിന്റെ കഥ. അദ്ദേഹത്തെ മാനസാന്തരപ്പെടുത്തിയ തിരുവചനം. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം' (മത്താ. 16:26)
* വി. കൊച്ചുത്രേസ്യ മഠത്തിനുള്ളിൽ മാത്രം ജീവിച്ചുകൊണ്ട് പ്രേഷിതമദ്ധ്യസ്ഥയായ കഥ.
* വചനം – മത്താ. 13:10–16 (ഉപമകളുടെ ഉദ്ദേശ്യം)

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ യേശു എല്ലാവരേയും പഠിപ്പിച്ചു.
* തന്നെ ശ്രവിക്കുന്നവർക്ക് വളരെ സുപരിചിതമായ അരമായ ഭാഷയിലും ശൈലിയിലുമാണ് യേശു പഠിപ്പിച്ചത്.
* തന്റെ പ്രസംഗത്തിൽ സാരോപദേശങ്ങളും ഉപമകളും ധാരാളമായി ഉൾപ്പെടുത്തി.
* പാരബൊളെ ഗ്രീക്ക് പദം ഉപമയ്ക്ക് ഉപയോഗിച്ചു. 'പരാ + ബാല്ലെയിൻ = പാരാബൊള്ളൊ – അരികിൽ എറിയുക, സ്ഥാപിക്കുക എന്നർത്ഥം
* താരതമ്യം – നന്നായി അറിയുന്ന ഒരു കാര്യത്തിൽ നിന്നും അറിയാത്ത മറ്റൊന്ന് വിശദമാക്കുന്നു.
* ഉപമ – നാടകീയമായി ഒരു വിവരണം നൽകുന്ന അവതരണശൈലികൊണ്ട് ശ്രോതാവ് മനസ്സിൽ വിധി പ്രസ്താവിക്കാൻ നിർബന്ധിതനാകുന്നു (ധൂർത്തുപുത്രൻ, നല്ല സമരിയാക്കാരൻ)

* ഉപമകളുടെ ഉദ്ദേശ്യം എന്ത് - കേൾവിക്കാർക്ക് മനസ്സിലാക്കുവാൻ എളുപ്പമാക്കുക. കണ്ണുണ്ടായിട്ടും കാണാൻ കൂട്ടാക്കാത്തവരുടെ ഹൃദയകാഠിന്യം തുറന്നു കാട്ടുക, അവരെ മാനസാന്തരത്തിലേക്കും ജീവിത പരിവർത്തനത്തിലേക്കും ദൈവരാജ്യ അനുഭവത്തിലേക്കും നയിക്കുക.
* സാരോപദേശകഥ: കഥാപാത്രത്തിനും സാഹചര്യത്തിനും അർത്ഥമുണ്ടാകും. കഥ പറയുമ്പോൾ കഥാസാരവും വിവരിക്കുന്നു.
* യേശുവിന്റെ പഠനങ്ങളുടെ കേന്ദ്രം ദൈവരാജ്യം.
* ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഉപമകളിലൂടെ യേശുപഠിപ്പിച്ചു.

## പ്രാർത്ഥന

നല്ല ഈശോയേ, ഉപമകളിലൂടെയും കഥകളിലൂടെയും ദൈവരാജ്യത്തിന്റെ വിവിധ സന്ദേശങ്ങൾ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. സന്ദേശങ്ങൾ ഗ്രഹിച്ചുകൊണ്ട് ദൈവരാജ്യത്തിലെ മക്കളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

# STD - VII

## അദ്ധ്യാപക സഹായി

## പാഠം - ഏഴ് ഉപമകളിൽ വിരിയുന്ന ദൈവരാജ്യം ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവരാജ്യം അതിഗഹനമായ ആശയം. പണ്ഡിതന്മാർക്കും സാധാരണക്കാർക്കും മനസ്സിലാക്കാവുന്ന തരത്തിൽ ഉപമകളിലൂടെ ഈശോ അവതരിപ്പിച്ചു. ഉപമകളിലൂടെ ദൈവരാജ്യം എന്ന സന്ദേശം അടുത്തറിയുവാൻ നമുക്ക് കഴിയും. യേശുവിന്റെ ഓരോ ഉപമകളിലൂടെയും ദൈവരാജ്യത്തെക്കുറിച്ച് കൂടുതൽ അറിയുവാനും, മാനസാന്തരത്തിലൂടെ പുതിയ ജീവനിലേക്ക് പ്രവേശിക്കുവാനും പരിശ്രമിക്കും.

### പഠനസഹായികൾ

* ഈസ്റ്റ്, പുളിമാവ്, വളരെ ചെറുതും, മുളച്ചുവലുതായാൽ വലിയ മരമാകുന്ന വിത്തുകൾ
* വി. ഫ്രാൻസീസ് സേവ്യറിന്റെ കഥ. അദ്ദേഹത്തെ മാനസാന്തരപ്പെടുത്തിയ തിരുവചനം. 'ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം' (മത്താ. 16:26)
* വി. കൊച്ചുത്രേസ്യ മഠത്തിനുള്ളിൽ മാത്രം ജീവിച്ചുകൊണ്ട് പ്രേഷിതമദ്ധ്യസ്ഥയായ കഥ.
* വചനം - മത്താ. 13:10-16 (ഉപമകളുടെ ഉദ്ദേശ്യം), മത്താ. 13:31-33 (കടുകുമണിയുടെയും പുളിമാവിന്റെയും ഉപമ), മർക്കോ. 4:26 (വിത്തിന്റെ ഉപമ), മത്താ.13:3-9 (മനുഷ്യഹൃദയങ്ങളിൽ എങ്ങനെ ദൈവരാജ്യം വളരുന്നുവെന്ന് - വിതക്കാരന്റെ ഉപമ)

### പാഠത്തിന്റെ ഉള്ളടക്കം

* ഉപമകളുടെ ലക്ഷ്യം
* ദൈവരാജ്യത്തെക്കുറിച്ച് എല്ലാവരും ഉൾക്കൊള്ളണം എന്ന് യേശുവിന് നിർബന്ധമുണ്ടായിരുന്നു.
* കേൾക്കുന്നവന് സ്വയം മനസ്സിലാക്കാനും മനഃപരിവർത്തനം വരുത്താനും ദൈവരാജ്യ അനുഭവത്തിലേക്ക് കടന്നുവരുവാനും ഉദ്ദേശിച്ചാണ് യേശു ഉപമകൾ പറഞ്ഞത്.
* ഓരോ ഉപമയും ഒരു വെളിപാട് (Revelation) നൽകുന്നു. അത് മനുഷ്യനിൽ ഒരു

മാറ്റത്തിന്/വിപ്ലവത്തിന് (Revolution) വഴിതെളിക്കുന്നു. അത് ഒരു പുതിയ തീരുമാനത്തിന് (Resolution) വഴിയൊരുക്കുന്നു. ശ്രോതാക്കൾ ഒരു പുതിയ ജീവനലിലേക്ക് പ്രവേശിക്കുന്നു.

* യേശുവിന്റെ പ്രബോധനങ്ങൾ ശ്രവിച്ച് ദൈവരാജ്യ അനുഭവം സ്വന്തമാക്കിയവർ നിരവധിയാണ്.
* ദൈവരാജ്യം ഉപമകളിലൂടെ
* ചെറുതും നിസാരവുമായ ഒരു തുടക്കത്തിൽനിന്നും ഒരു വലിയ സമൂഹത്തിന്റെ രൂപത്തിലേക്ക് വളർന്ന് സമാധാനവും സന്തോഷവും ഈ ലോകത്തിന് അനുഭവവേദ്യമാക്കുകയും ഇതിന്റെ പൂർണ്ണത ഭാവിയിൽ ലഭിക്കും എന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതാണ് ദൈവരാജ്യത്തിന്റെ പ്രത്യേകത.
* ദൈവത്തോടൊപ്പം സ്വപ്നം കണ്ടുകൊണ്ട് മനുഷ്യരോടൊപ്പം കൈകൾ കോർത്തുപിടിച്ച് യുഗാന്തം ലക്ഷ്യമാക്കി കൂട്ടായ്മയോടെ യാത്ര ചെയ്യുമ്പോൾ നാമും യേശുസന്ദേശം ഉൾക്കൊള്ളുന്ന ഉപമകളായി മാറുന്നു.
* ഉപമകളെ ഏഴു ഗണങ്ങളായി തരംതിരിക്കാം.
* ഉപമകൾ വ്യാഖ്യാനിക്കുമ്പോൾ ഉപമകളിലെ പ്രധാന ഘടകം ഏതെന്ന് കണ്ടുപിടിക്കുക, ഉപമയിൽ പറയപ്പെട്ടിരിക്കുന്ന ജീവിത പശ്ചാത്തലം മനസ്സിലാക്കുക.
* യേശു പറഞ്ഞ ഉപമകളെല്ലാം നമുക്കുള്ള വലിയ സന്ദേശങ്ങളാണ്. നന്നായി വായിച്ച് മനസ്സിലാക്കി അതിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുകയും വേണം.
* സാധിക്കുന്ന വേദികളിൽ പങ്കുവയ്ക്കാവുന്ന സുന്ദരകഥകൾ കൂടിയാണ് ഉപമകൾ
* പിതാവന്റെ ഭരണത്തിൽ സ്നേഹത്തോടും കൂട്ടായ്മയോടും സാഹോദര്യത്തോടും സഹകരണത്തോടും കൂടെ ജീവിക്കുമ്പോൾ ദൈവരാജ്യം യാഥാർത്ഥ്യമാകുന്നു.

## പ്രാർത്ഥന

നല്ല ഈശോയേ, ഉപമകളിലൂടെയും കഥകളിലൂടെയും ദൈവരാജ്യത്തിന്റെ വിവിധ സന്ദേശങ്ങൾ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. സന്ദേശങ്ങൾ ഗ്രഹിച്ചുകൊണ്ട് ദൈവരാജ്യത്തിലെ മക്കളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. യേശുവിന്റെ പ്രബോധനങ്ങളുടെ കേന്ദ്രബിന്ദു എന്താണ്?
2. ഓരോ ഉപമയും മനുഷ്യനിൽ മാറ്റമുണ്ടാക്കുന്നത് എങ്ങനെ?
3. ഉപമകളുടെ കേന്ദ്ര ആശയം അടിസ്ഥാനമാക്കി അവയെ ഏഴു ഗണങ്ങളായി തിരിച്ചിരിക്കുന്നു. ഏതെല്ലാം?
4. ഉപമയ്ക്ക് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത്? അർത്ഥമെന്ത്?
5. ദൈവരാജ്യത്തിന്റെ യഥാർത്ഥവൽക്കരണം സംഭവിക്കുന്നത് എപ്പോൾ?
6. എന്താണ് ഉപമ? ഉപമകളുടെ ലക്ഷ്യമെന്ത്?